# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*21/03/2018-ലെ മറുപടി*

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 4472*

## ജലപാതകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജലപാതകളാണ് നവീകരിക്കുവാനും പുതിയതായി ആരംഭിക്കുവാനും തീരുമാനമാനിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ; | (എ) വെസ്റ്റ്കോസ്റ്റ് കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള ഭാഗങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റും കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയുടെ നവീകരണം ദേശീയ ഉൾനാടൻ ജലപാത അതോറിറ്റിയുമാണ് നിർവ്വഹിക്കുന്നത്. വെസ്റ്റ്കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020 -ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളും ആരംഭിക്കും. 2022 ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കും. 2025 -ൽ തീരുന്ന 3-ാം ഘട്ടത്തിൽ ജലപാതകൾ ദേശീയ ജലപാതാ നിലവാരത്തിലെത്തിക്കുന്ന വിധമുള്ള വികസന പ്രവർത്തനങ്ങളും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനവും |

ലക്ഷ്യമിടുന്നു. ഉയർന്ന നിർമ്മാണ ചെലവ് വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് KWIL എന്ന SPV രൂപീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം-കാസർഗോഡ് ജല പാതയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; ഈ ജലപാത എന്ന് കമ്മീഷൻ ചെയ്യുവാനാകുമെന്നു വെളി പ്പെടുത്തുമോ ?

(ബി) കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യവും, ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗത യോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽവികസനം, ജലപാതവികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. നിലവിലുള്ള വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 – 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തി നുമിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട്

ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പാത ഗതാഗതയോഗ്യമാണ്. നിർമ്മാണ നവീകരണ പ്രവർത്തികൾ 2020 ൽ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാമെന്ന് കരുതുന്നു.

**സെക്ഷൻ ഓഫീസർ**